**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2916** **10-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര പുഴയോരത്ത് സംരക്ഷണ ഭിത്തി കെട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചരിത്രപ്രസിദ്ധവുമായ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ഇടിഞ്ഞുതാഴ്ന്നതിനാൽ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തി സ്ഥലം RMF ജില്ലാ കമ്മിറ്റി 30/10/2019 തീയതിയിൽ പരിശോധിക്കുകയും കരയിടിഞ്ഞ ഭാഗം 70 മീറ്റർ നീളത്തിലും 4 മീറ്റർ ഉയരത്തിലും കരിങ്കൽ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി RMF-ൽ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. SDRF-ൽ ഉൾപ്പെടുത്തുന്നതിനും പ്രൊപോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സാമ്പത്തികാനുമതി ഒന്നും ലഭിച്ചിരുന്നില്ല.<br><br>**2022** സെപ്റ്റംബർ ആദ്യ വാരത്തിലുണ്ടായ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയുണ്ടായി. ക്ഷേത്രത്തിന്റെ വടക്ക് ഭാഗവും ഇടിഞ്ഞ കരയുടെ ഭാഗവും തമ്മിൽ ഒരു അടിയോളം മാത്രം ദൂരമാണ് ഉണ്ടായിരുന്നത്. നിലവിലെ സ്ഥിതി അനുസരിച്ച് ക്ഷേത്രത്തിന് പൂർണ്ണമായും സംരക്ഷണം ലഭിക്കുന്നതിന് **10** മീറ്റർ ഉയരത്തിലുള്ള സംരക്ഷണ പ്രവൃത്തി അത്യാവശ്യമാണ്. ആയതിന് **50** മീറ്റർ നീളത്തിലും **5** മീറ്റർ ഉയരത്തിലുമുള്ള കരിങ്കൽ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ഇതിനു മുകളിലായി **5** മീറ്റർ ഉയരത്തിൽ ഗാബിയോൺ പിച്ചിംഗ് വർക്കും ചെയ്ത് പ്രസ്തുത ഭാഗം സംരക്ഷിക്കാവുന്നതാണ്. ആയതിന് 58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഭക്തരുടെയും പ്രദേശവാസികളുടെയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തി സ്ഥലം RMF ജില്ലാ കമ്മിറ്റി 30/10/2019 തീയതിയിൽ പരിശോധിക്കുകയും കരയിടിഞ്ഞ ഭാഗം 70 മീറ്റർ നീളത്തിലും 4 മീറ്റർ ഉയരത്തിലും കരിങ്കൽ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി RMF-ൽ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. SDRF-ൽ ഉൾപ്പെടുത്തുന്നതിനും പ്രൊപോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സാമ്പത്തികാനുമതി ഒന്നും ലഭിച്ചിരുന്നില്ല.<br><br>**2022** സെപ്റ്റംബർ ആദ്യ വാരത്തിലുണ്ടായ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയുണ്ടായി. ക്ഷേത്രത്തിന്റെ വടക്ക് ഭാഗവും ഇടിഞ്ഞ കരയുടെ ഭാഗവും തമ്മിൽ ഒരു അടിയോളം മാത്രം ദൂരമാണ് ഉണ്ടായിരുന്നത്. നിലവിലെ സ്ഥിതി അനുസരിച്ച് ക്ഷേത്രത്തിന് പൂർണ്ണമായും സംരക്ഷണം ലഭിക്കുന്നതിന് **10** മീറ്റർ ഉയരത്തിലുള്ള സംരക്ഷണ പ്രവൃത്തി അത്യാവശ്യമാണ്. ആയതിന് **50** മീറ്റർ നീളത്തിലും **5** മീറ്റർ ഉയരത്തിലുമുള്ള കരിങ്കൽ സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ഇതിനു മുകളിലായി **5** മീറ്റർ ഉയരത്തിൽ ഗാബിയോൺ പിച്ചിംഗ് വർക്കും ചെയ്ത് പ്രസ്തുത ഭാഗം സംരക്ഷിക്കാവുന്നതാണ്. ആയതിന് 58 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ